# കേരളത്തെ തകർത്ത യു.ഡി.എഫ് ഭരണം

കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
കേരള സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്

തിരുവനന്തപുരം
12.01.2016

വില: 2.50

# കേരളത്തെ തകർത്ത യു.ഡി.എഫ് ഭരണം

കേരളത്തിന്റെ സമ്പദ്ഘടനയെ തകർക്കുന്ന നയങ്ങളാണ് യുഡിഎഫ് സർക്കാർ നടപ്പാക്കിയത്. കാർഷിക- വ്യവസായ മേഖല വൻ തകർച്ചയിലാണ്. ലോകത്തിന് തന്നെ മാതൃകയായിരുന്ന സംസ്ഥാനത്തിന്റെ ആരോഗ്യ സംരക്ഷണ മേഖലയും, വിദ്യാഭ്യാസ മേഖലയും തകർന്നു. സാമൂഹ്യ ക്ഷേമപദ്ധതികൾ ദുർബലമായി. "വികസനവും കരുതലും" എന്ന മുദ്രാവാക്യമുയർത്തിയ ഉമ്മൻചാണ്ടി സർക്കാർ, കേരളത്തിന്റെ വികസനം മുരടിപ്പിച്ചു. പൊതു മേഖലയിലോ, സ്വകാര്യ മേഖലയിലോ, കാര്യമായ നിക്ഷേപങ്ങൾ ഒന്നും വന്നില്ല. പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികൾ പലതും നടപ്പാക്കാനായില്ല. പദ്ധതി ചെലവ് ഗണ്യമായി കുറഞ്ഞു. ഇതിന്റെയെല്ലാം ഫലമായി അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായി. കേരള ജനതയുടെ ജീവിത ഭാരം വർധിക്കുകയും, എല്ലാ വികസന സ്വപ്നങ്ങളും തകർക്കപ്പെടുകയും ചെയ്തു. ജനദ്രോഹം മാത്രമായി സർക്കാരിന്റെ മുഖമുദ്ര.

## കാർഷിക മേഖല

കാർഷിക കടാശ്വാസ നിയമം അട്ടിമറിച്ചു. കാർഷിക പാക്കേജുകൾ നിശ്ചലമായി. കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം നിർജ്ജീവമായി. കൃഷിക്കാർക്കുള്ള പലിശരഹിത വായ്പ ഇല്ലാതാക്കി. കുട്ടനാട്, ഇടുക്കി, വയനാട് പാക്കേജുകൾ എല്ലാം അവതാളത്തിലായി. മലയോര കർഷകർക്ക് ഉപാധിരഹിത പട്ടയം നൽകാനുള്ള എൽഡിഎഫ് സർക്കാരിന്റെ തീരുമാനവും അട്ടിമറിക്കപ്പെട്ടു. കാർഷിക മേഖലക്കുള്ള നീക്കിവെയ്പ് 12 ശതമാനത്തിലേക്ക് കുറച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ 30 ശതമാനം ഉല്പാദന മേഖലയിൽ ചെലവഴിക്കണമെന്ന നിബന്ധനയും അട്ടിമറിച്ചു.

യുഡിഎഫ് സർക്കാർ അധികാരമേൽക്കുമ്പോൾ റബ്ബറിന്റെ വില കിലോവിന് 250 രൂപയോളം ആയിരുന്നു. ഇന്ന് അത് 100 രൂപയിൽ കുറവായിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൃഷി മുന്നോട്ട് കൊണ്ടുപോവാൻ കർഷകർക്ക് കഴിയാത്ത സ്ഥിതിയാണ് ഉള്ളത്. ടാപ്പിംഗ് തൊഴിലാളികൾ പലരും തൊഴിൽ രഹിതരായി മാറിക്കഴി

ഞ്ഞിരിക്കുന്നു. റബ്ബർ മേഖലയിലെ സാമ്പത്തിക ക്രയവിക്രയങ്ങൾ സ്തംഭനാവസ്ഥയിലായിരിക്കുകയാണ്.

ആസിയാൻ കരാർ ഒപ്പിട്ട ഘട്ടത്തിൽ തന്നെ റബ്ബർ ഇറക്കുമതി അനിയന്ത്രിതമായി നടക്കുമെന്നും അത് റബ്ബർ മേഖലയെ പ്രതിസന്ധിയിലാക്കുമെന്നും ഇടതുപക്ഷം വ്യക്തമാക്കിയിരുന്നുവെങ്കിലും അത് ഉൾക്കൊണ്ട് പ്രവർത്തിക്കാൻ തയ്യാറാവാത്തതുകൊണ്ടാണ് ഇത്തരമൊരു സ്ഥിതി വിശേഷം ഉണ്ടായത്. കിലോവിന് 150 രൂപ നിരക്കിൽ റബ്ബർ സംഭരിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാതെ റബ്ബർ കൃഷിക്കാരെ സർക്കാർ വഞ്ചിച്ചു.

തേയില, ഏലം, കാപ്പി തുടങ്ങിയ നാണ്യവിളകളുടെയും വില യിടിഞ്ഞു. ആസ്യൻ കരാറിന്റെ ഭാഗമായ ഉദാരമായ ഇറക്കുമതിയാണ്, നാണ്യവിളകളുടെ വിലയിടിവിന് കാരണമായത്. ചെറുകിട കർഷകരും, ലക്ഷക്കണക്കിന് തോട്ടം തൊഴിലാളികളും കടുത്ത പ്രതിസന്ധിയിലായി. കേന്ദ്ര സർക്കാരിന്റെ നവ-ഉദാരവൽക്കരണ നയങ്ങളെ പിന്താങ്ങുന്ന യുഡിഎഫ് സർക്കാർ, ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ നിസംഗത പുലർത്തുകയാണ്.

## ഭൂപരിഷ്കരണം അട്ടിമറിക്കുന്നു

തോട്ടം ഭൂമിയുടെ 5 ശതമാനം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്ന ഭൂപരിഷ്കരണ നിയമഭേദഗതികൾക്ക് സംസ്ഥാന സർക്കാർ അന്തിമ അംഗീകാരം നൽകിയിരിക്കുകയാണ്. ഇളവ് ലഭിക്കുന്ന ഭൂമിയുടെ 10 ശതമാനം ടൂറിസം ആവശ്യത്തിന് ഉപയോഗിക്കാമെന്നുമാണ് തീരുമാനിച്ചിരിക്കുന്നത്. ഇത് 10 ഏക്കറിൽ അധികമാവരുത് എന്ന് മാത്രമാണ് നിബന്ധനയുള്ളത്. ഇതിലൂടെ റിയൽ എസ്റ്റേറ്റ് കച്ചവടം നടക്കുന്നതിന് തോട്ടം ഉടമകൾക്ക് ലഭിക്കുന്നത് 15,000 ഏക്കർ ഭൂമിയാണ്. 230 വൻകിട തോട്ടം ഉടമകളുടെ താൽപര്യം സംരക്ഷിക്കുന്നതിനാണ് ഭൂനിയമഭേദഗതിയുടെ ചട്ടങ്ങൾക്ക് ധൃതിപിടിച്ച് അംഗീകാരം നൽകിയത്. ഇത് തോട്ടം ഭൂമിയല്ലെങ്കിൽ സ്വാഭാവികമായും മിച്ചഭൂമിയായി തീരും. അത് കേരളത്തിലെ ഭൂരഹിതർക്ക് ലഭിക്കേണ്ടതുമാണ്. അതിന്റെ പ്രയോജനം ഏറ്റവും കൂടുതൽ ലഭിക്കുക എസ്‌സി-എസ്ടി വിഭാഗങ്ങൾക്കാണ്. ഇങ്ങനെ ഭൂരഹിതർക്ക് ലഭിക്കേണ്ട ഭൂമിയാണ് മറ്റ് ആവശ്യങ്ങൾക്കായി മാറ്റപ്പെടുന്നത്. ഈ നിയമഭേദഗതി കേരളത്തിലെ തോട്ടം മേഖലയെ തന്നെയും തകർക്കുന്നതാണ്.

കേരളത്തിൽ നിലവിൽ 41 ശതമാനം ജനതയ്ക്ക് നാമമാത്രമായ ഭൂമി മാത്രമാണ് കൈവശമുള്ളത്. 3 ലക്ഷം കുടുംബങ്ങൾക്കാവട്ടെ

യാതൊരു തരത്തിലുള്ള ഭൂമിയും കൈവശമില്ല. ആ കേരളത്തിലാണ് തോട്ടം ഉടമകൾക്ക് വേണ്ടി ഇത്തരം നടപടി സ്വീകരിക്കുന്നത്. നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം അട്ടിമറിച്ച് വൻ തോതിൽ നെൽവയൽ നികത്താൻ സർക്കാർ അനുമതി നൽകി.

## വ്യവസായ മേഖല

സംസ്ഥാനത്ത് വ്യവസായ നിക്ഷേപം കൊണ്ടുവരുന്നതിനായി സംഘടിപ്പിച്ച "എമർജിംഗ് കേരള" പരാജയമായി. 42 പദ്ധതികൾക്ക് കരാർ ഒപ്പ് വെച്ചതായി മുഖ്യമന്ത്രി പറഞ്ഞത് യാഥാർത്ഥ്യമായില്ല. കേന്ദ്ര സർക്കാർ കേരളത്തിനനുവദിച്ച "കോച്ച് ഫാക്ടറി" യാഥാർത്ഥ്യമാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ എൽഡിഎഫ് സർക്കാർ കോച്ച് ഫാക്ടറിക്കാവശ്യമായ ഭൂമി, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ട് ഏറ്റെടുത്ത് നൽകിയിരുന്നതാണ്. എൽഡിഎഫ് സർക്കാരും റെയിൽവെയും തമ്മിൽ ഒപ്പ് വെച്ച കരാറനുസരിച്ച് ചേർത്തലയിൽ സ്ഥാപിക്കേണ്ടിയിരുന്ന 'വാഗൺ നിർമാണ ഫാക്ടറി'യും നഷ്ടപ്പെട്ടു. 2011 ൽ യുഡിഎഫ് അധികാരത്തിൽ വരുമ്പോൾ, കേന്ദ്രത്തിൽ കോൺഗ്രസ് നേതൃത്വം നൽകുന്ന യുപിഎ സർക്കാരാണ് ഉണ്ടായിരുന്നത്. കേരളത്തിൽ നിന്ന് യുഡിഎഫുകാരായ 9 മന്ത്രിമാർ അക്കാലത്ത് കേന്ദ്രമന്ത്രിസഭയിലുണ്ടായിരുന്നു. ഈ അനുകൂല സാഹചര്യം ഉപയോഗിച്ച് ഒരു കേന്ദ്ര വ്യവസായ പദ്ധതി പോലും നേടിയെടുക്കാൻ, ഉമ്മൻചാണ്ടി സർക്കാരിനായില്ല. എൻഡിഎഫ് ഭരണകാലത്ത് ഏഴ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളാണ്, സംസ്ഥാനത്ത് നിക്ഷേപം നടത്തിയിരുന്നത് എന്ന കാര്യം ഓർക്കേണ്ടതുണ്ട്.

2010 ൽ എൽഡിഎഫ് സർക്കാർ അംഗീകാരം നൽകിയ 'സ്മാർട്ട് സിറ്റി' ഇത് വരെ യാഥാർത്ഥ്യമായില്ല. 'ടീകോം' കമ്പനി, സംസ്ഥാന സർക്കാരുമായി ഒപ്പുവെച്ച കരാറനുസരിച്ച്, 85 ലക്ഷം ചതുശ്ര അടി വിസ്തീർണമുള്ള ഐടി, കെട്ടിടങ്ങൾ അഞ്ച് വർഷത്തിനകം പണി തീർക്കുകയും, 30,000 പേർക്ക് നേരിട്ടും, 60,000 പേർക്ക് പരോക്ഷമായും തൊഴിൽ നൽകുകയും ചെയ്യേണ്ടതായിരുന്നു. യുഡിഎഫ് സർക്കാരിന്റെ കാലാവധി തീരാറായിട്ടും, കരാറനുസരിച്ചുള്ള കെട്ടിട നിർമാണം പൂർത്തിയായില്ല. 6 ലക്ഷം ചതുരശ്ര അടി വിസ്തീർണം മാത്രമുള്ള ഒരു ചെറിയ കെട്ടിടത്തിന്റെ പ്രവൃത്തിയാണ് നടന്നു വരുന്നത്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതമേഖലാ സ്ഥാപനങ്ങളായ എഫ്എസിടി, എച്ച്എംടി തുടങ്ങിയ വൻകിട വ്യവസായ

ങ്ങളെല്ലാം ഗുരുതരമായ പ്രതിസന്ധിയിലായി. പുനരുദ്ധരിക്കാൻ ഒരു നടപടിയുമില്ല. കൊച്ചി തുറമുഖം വലിയ സാമ്പത്തിക പ്രതിസന്ധി യിലാണ്. വികസനത്തിന് പണം കണ്ടെത്താനെന്ന പേരിൽ, കൊച്ചി കപ്പൽ നിർമാണശാലയുടെ ഓഹരികൾ, സ്വകാര്യ കുത്തകകൾക്ക് വില്പന നടത്താനാണ് നീക്കം, ഈ കാര്യങ്ങളിലൊന്നും, സംസ്ഥാന താല്പര്യം സംരക്ഷിക്കാൻ യുഡിഎഫ് സർക്കാരിനായില്ല

## സംസ്ഥാന പൊതുമേഖല

യുഡിഎഫ് സർക്കാരുകൾ ഭരിക്കുമ്പോഴെല്ലാം സംസ്ഥാന പൊതുമേഖലാ വ്യവസായങ്ങൾ തകർച്ചയിലേക്ക് നീങ്ങും. 2001-06 കാലത്തെ യുഡിഎഫ് സർക്കാർ, സംസ്ഥാന പൊതുമേഖലക്ക് കനത്ത നാശമാണ് വരുത്തിയത്. ബഹുഭൂരിപക്ഷം കമ്പനികളും നഷ്ടത്തിലായിരുന്നു. 23 കമ്പനികൾ അക്കാലത്ത് അടച്ചുപൂട്ടി.

2006ൽ അധികാരത്തിൽ വന്ന എൽഡിഎഫ് സർക്കാർ പൊതു മേഖലയെ പുനരുദ്ധരിച്ചു. കമ്പനികൾ മിക്കവയും ലാഭകരമായി പ്രവർത്തിച്ചു തുടങ്ങി. 2010 ൽ പൊതുമേഖലയിലെ ലാഭം ഉപയോ ഗിച്ച്, എട്ട് പുതിയ 'സ്ഥാപനങ്ങൾ' സ്ഥാപിച്ചു.

യുഡിഎഫ് സർക്കാർ അതെല്ലാം അട്ടിമറിച്ചു. പൊതുമേഖലാ കമ്പനികൾ മിക്കവയും വൻ നഷ്ടത്തിലായി, ഏതാനും കമ്പനികൾ അടച്ചു പൂട്ടി, പൊതുമേഖല സംരക്ഷിക്കുന്നതിന് പകരം, അഴിമതി യുടെയും, കെടുകാര്യസ്ഥതയുടെയും കേന്ദ്രമാക്കി അതിനെ മാറ്റി.

സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെഎസ്ആർടിസി, ഭീമമായ നഷ്ടത്തിലാണ്. വിരമിച്ച തൊഴിലാളി കളുടെ പെൻഷൻ കൃത്യമായി നൽകാത്തതിനാൽ, 16 തൊഴിലാളി കളാണ് ഇതിനകം ആത്മഹത്യ ചെയ്തത്, കെഎസ്ആർടിസി സർവീ സുകൾ മുടങ്ങുകയും, ആ സ്ഥാനത്തെല്ലാം സ്വകാര്യ ബസുകൾ കടന്ന് വരുകയും ചെയ്യുന്നു. പൊതുമേഖലയെ സർക്കാർ ബോധ പൂർവ്വം തകർക്കുകയാണ്.

## വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ

പതിനെട്ടാമത് പവർ സർവേ പ്രകാരം 2016-17 ൽ കേരളത്തിന്റെ വൈദ്യുതി ആവശ്യകത 26,584 മില്യൻ യൂണിറ്റായും, 2020-21 ൽ ഇത് 32,896 മില്യൻ യൂണിറ്റായും വർധിക്കുമെന്നാണ് കണക്കാക്ക പ്പെടുന്നത്. ഇത് തന്നെ കാർഷിക വ്യവസായ മേഖലയിൽ കുറഞ്ഞ ഉപഭോഗം മാത്രം നടക്കുന്നത് കൊണ്ടാണ്. ഈ രംഗത്ത് വളർച്ചയു

ണ്ടാകുമ്പോൾ വൈദ്യുതി ആവശ്യം ഇനിയും കൂടും, അതായത് നില വിലുള്ള 5000 മില്യൻ യൂണിറ്റോളം വൈദ്യുതി കമ്മി നികത്തുന്നതി നോടൊപ്പം 2020–21 ആകുമ്പോഴെക്കും 12,000 മില്യൻ യൂണിറ്റ് വൈദ്യുതി അധികമായി കണ്ടെത്തേണ്ടതുണ്ട്. എന്നാൽ ഈ യാഥാർത്ഥ്യം കണ്ടുകൊണ്ട് വൈദ്യുതി ഉല്പാദനം വർധിപ്പിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

ഒഡീഷയിലെ കൽക്കരിപാട വികസനവും ചീമേനി താപവൈ ദ്യുതി നിലയവും, എങ്ങും എത്താതെ വഴിയിൽ കിടക്കുന്നു. കൂടം കുളത്തു നിന്ന് വൈദ്യുതി എത്തിക്കേണ്ടുന്ന പ്രസരണ കോറിഡോർ അട്ടിമറിക്കപ്പെട്ടിരിക്കുന്നു. ജല–സോളാർ–കാറ്റ് തുടങ്ങിയ സ്രോതസു വഴിയുള്ള ഉത്പാദന– വികസന പദ്ധതികളും ഇഴഞ്ഞ് നീങ്ങിക്കൊ ണ്ടിരിക്കുകയുമാണ്.

ഈ സർക്കാർ മൂന്നു തവണ വൈദ്യുതി താരിഫ് വർധിപ്പിച്ചു. എന്നിട്ടും കടഭാരം കൂടി കൂടി വരുന്നു. വൈദ്യുതി ചാർജ് വർധനവി നത്തിൽ മാത്രം 3500 കോടി രൂപയാണ് സാധാരണക്കാരിൽ നിന്ന് സർക്കാർ കവർന്നെടുത്തത്. ലോഡ്ഷെഡിംഗും പവർകട്ടും ഈ സർക്കാരിന്റെ കാലത്തോടെ തിരിച്ചുവരുന്ന സ്ഥിതിയാണ് ഉള്ളത്.

## തൊഴിലില്ലായ്മ

വ്യവസായ കാർഷിക വളർച്ചയിലുണ്ടായ മുരടിപ്പും സർക്കാ രിന്റെ നിയമന നിരോധന നടപടികളും സംസ്ഥാനത്ത് തൊഴിലി ല്ലായ്മ രൂക്ഷമാക്കി. പിഎസ് സി ലിസ്റ്റുകൾ പലതും കാലഹരണ പ്പെട്ടു. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നില്ല. കെഎസ്ആർടിസി യിൽ പിഎസ് സി അഡ്വൈസ് മെമ്മോ കിട്ടിയവർക്കു പോലും നിയ മനം നൽകിയില്ല. സർക്കാരിന്റെ വിവിധ വകുപ്പുകളിൽ തസ്തിക കൾ ഒഴിഞ്ഞു കിടക്കുമ്പോൾ നിയമനം നടത്താതെ ഉദ്യോഗാർത്ഥി കളെ വഞ്ചിക്കുകയാണ് സർക്കാർ. സർക്കാർ വകുപ്പുകളിലും പൊതു മേഖലാ സ്ഥാപനങ്ങളിലും പല ജോലികളും കരാറുകാരെ ഏൽപി ക്കുകയും ചെയ്യുന്നു. കേരളത്തിലെ അഭ്യസ്തവിദ്യരായ യുവജന ങ്ങൾ തൊഴിലിനായി നാടുവിടേണ്ടിവരുന്നു.

## തൊഴിൽ മേഖല

സംസ്ഥാനത്തെ എല്ലാ തൊഴിൽ മേഖലകളും തകർന്നു. ലക്ഷ ക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്തിരുന്ന പരമ്പരാഗത വ്യവ സായങ്ങളെല്ലാം തകർന്നു. കയർ മേഖലയിൽ നാലുലക്ഷത്തോളം

പേർ തൊഴിൽ ചെയ്തിരുന്നിടത്ത് ഇപ്പോൾ നാല്പതിനായിരം പേർക്കു മാത്രമേ തൊഴിലുള്ളൂ. കശുവണ്ടി വ്യവസായത്തിലും തൊഴിലാളികളുടെ എണ്ണം കുറഞ്ഞു. പല ഫാക്ടറികളും അടഞ്ഞു കിടക്കുകയാണ്. പുതിയ നികുതി ചുമത്തിയതിന്റെ ഫലമായി അവ ശേഷിക്കുന്ന ബീഡി വ്യവസായവും തകർന്നു. കൈത്തറി, ഖാദി, ഈറ്റ–പനമ്പ് തുടങ്ങിയ മേഖലകളും തകർന്നു. നിർമാണ മേഖലയിൽ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. പ്രതിസന്ധി പരിഹരിക്കാൻ ഒരു നടപടിയും സർക്കാർ കൈക്കൊള്ളുന്നില്ല. തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിൽ യുഡിഎഫ് സർക്കാർ പരാജയപ്പെട്ടു.

## വിലക്കയറ്റം

രൂക്ഷമായ വിലക്കയറ്റമാണ് ജനങ്ങൾ നേരിടുന്നത്. അരി, പയർ വർഗങ്ങൾ എന്നിവയുടെയെല്ലാം വിലകുതിച്ചുയർന്നു. അരിവില കിലോക്ക് 32 രൂപ മുതൽ 38 രൂപ വരെയാണ്. അടുത്ത കാലത്തെ വില വർധനവിന്റെ വിവരം നോക്കുക.

| ഇനം | ഏപ്രിൽ 2011 | ജനുവരി 2015 |
|---|---|---|
| ചെറുപയർ | 28.00 | 118.00 |
| ഉഴുന്ന് | 36.00 | 175.00 |
| വൻ പയർ | 26.00 | 65.00 |
| മുളക് | 45.00 | 160.00 |
| മല്ലി | 57.00 | 135.00 |
| ജയ അരി | 16.00 | 28–31.00 |
| മട്ട അരി | 21.00 | 38–42.00 |
| പഞ്ചസാര | 25.00 | 35.00 |

ഇതിനു പുറമെ പാൽ വില, കുടിവെള്ള താരിഫ്, ബസ്ചാർജ് തുടങ്ങിയവയെല്ലാം കുത്തനെ ഉയർന്നു.

നിത്യോപയോഗ വസ്തുക്കളുടെ വിലക്കയറ്റം തടയാൻ കമ്പോള ഇടപെടൽ നടത്തേണ്ട രണ്ട് സ്ഥാപനങ്ങളാണ് സിവിൽ സപ്ലൈസ് കോർപറേഷനും, കൺസ്യൂമർ ഫെഡും. എൽഡിഎഫ് സർക്കാരിന്റെ കാലത്ത്, ഈ രണ്ട് സ്ഥാപനങ്ങളും മികച്ച നിലയിലാണ് പ്രവർത്തി

ച്ചിരുന്നത്. യുഡിഎഫ് സർക്കാർ രണ്ടിനെയും തകർത്തു. മാവേലി സ്റ്റോറുകൾ, നോക്കുകുത്തിയായി മാറി. മാവേലി സ്റ്റോറിൽ വിൽക്കുന്ന സാധനങ്ങൾക്ക് സർക്കാർ തന്നെ വില വർധിപ്പിച്ചു. കൺസ്യൂമർ ഫെഡിനെ, കോൺഗ്രസുകാരായ ഭരണസമിതിയും, സഹകരണ വകുപ്പ് മന്ത്രിയും ചേർന്ന്, നടത്തിയ ഭീമമായ വെട്ടിപ്പിലൂടെ കുളിപ്പിച്ച് കിടത്തി. കൺസ്യൂമർഫെഡിന് കീഴിലുള്ള നീതി നന്മ സ്റ്റോറുകളെല്ലാം കാലിയായി.

സംസ്ഥാനത്തെ റേഷൻ വിതരണം താറുമാറായി. കേന്ദ്രം സംസ്ഥാനത്തിന് നൽകേണ്ട അരി–ഗോതമ്പ് വിഹിതം വെട്ടിക്കുറച്ചു. 25 കിലോ അരിയും 10 കിലോ ഗോതമ്പും ലഭിക്കേണ്ട ബിപിഎൽ കാർഡുടമകൾക്ക് യഥാക്രമം 17 കിലോയും 4 കിലോയുമാണ് ലഭിക്കുന്നത്. എപിഎൽ കാർഡുകാർക്ക് 10 കിലോക്ക് പകരം 5 കിലോ അരിയും 2 കിലോക്ക് പകരം 1 കിലോ ഗോതമ്പുമാണ് ലഭിക്കുന്നത്. 35 കിലോ അരി ലഭിക്കേണ്ട എഎവൈ കാർഡുകാർക്ക് 25 കിലോയായി കുറച്ചു. ജനങ്ങളുടെ റേഷൻ വിഹിതം വെട്ടിക്കുറച്ചത് പുനഃസ്ഥാപിച്ച് കിട്ടാൻ, ചെറുവിരലനക്കാൻ യുഡിഎഫ് സർക്കാരിന് കഴിയുന്നില്ല.

## ആരോഗ്യരംഗം

സർക്കാർ ആശുപത്രികൾ രോഗികളെക്കൊണ്ട് നിറയുകയാണ്. എന്നാൽ അവരെ ചികിത്സിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലനിൽക്കുന്നില്ല. ഗ്രാമീണ മേഖലയിൽ 896 സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ വേണ്ടിടത്ത് 39 പേർ മാത്രമാണുള്ളത്. ഡെങ്കിപ്പനി, എലിപ്പനി, ചെള്ളുപനി, എച്ച്1എൻ1, കുരങ്ങുപനി തുടങ്ങിയ പകർച്ച വ്യാധികൾ വ്യാപിക്കുകയാണ്.

ആരോഗ്യ വിദ്യാഭ്യാസരംഗമാകെ കുട്ടിച്ചോറാക്കി, മാനേജ്മെന്റുകൾക്ക് എല്ലാ സീറ്റിലും ഇഷ്ടമുള്ള ഫീസ് വാങ്ങി തന്നിഷ്ട പ്രകാരം പ്രവേശനം നടത്താൻ അവസരമൊരുക്കി. ജെയിംസ് കമ്മിറ്റിയെ നോക്കുകുത്തിയാക്കി മാറ്റി.

എൽഡിഎഫ് സർക്കാർ മുമ്പ് വിജയകരമായി നടപ്പിലാക്കിയ പല പദ്ധതികളും പേരുമാറ്റി പുതിയ പദ്ധതിയായി മേനി നടിക്കുന്നു. 'താലോലം' പദ്ധതി 'ആരോഗ്യകിരണ'മായും 'ജനനി സുരക്ഷാ യോജന' 'അമ്മയും കുഞ്ഞും' പദ്ധതിയായും സ്കൂൾ വിദ്യാർത്ഥികൾക്കുള്ള 'വിദ്യാലയ ആരോഗ്യപരിപാടി' 'ലീപ്' ആയും അവതരിപ്പിച്ച് മേനി നടിക്കുകയാണ് സംസ്ഥാന സർക്കാർ.

## വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗം ആകെ കുത്തഴിഞ്ഞിരിക്കുന്നു. പൊതുവിദ്യാഭ്യാസം തകർക്കുന്നതിന് സർക്കാർ മുൻകൈയെടുക്കുന്നു. പാഠപുസ്തകങ്ങൾ പോലും കൃത്യമായി വിതരണം ചെയ്യാനാകുന്നില്ല. കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിച്ചിരുന്ന എസ്എസ്എൽസി പരീക്ഷാഫലം അവതാളത്തിലാക്കി. ഇതിന്റെയെല്ലാം ആത്യന്തികഫലം വിദ്യാഭ്യാസ നിലവാരം ഇടിഞ്ഞതാണ്.

സമയബന്ധിതമായി തീരുമാനിച്ച് നടപ്പിലാക്കേണ്ട പാഠപുസ്തക വിതരണം, ഉച്ചക്കഞ്ഞി വിതരണം, സ്കോളർഷിപ്പ് വിതരണം തുടങ്ങി സുപ്രധാനമായ തീരുമാനങ്ങളെല്ലാം മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു. പാൽ, മുട്ട, പലവ്യഞ്ജനങ്ങൾ, പച്ചക്കറി എന്നിവയുടെ കാര്യത്തിലുള്ള ക്രമാതീതമായ വിലവർധനവിനനുസരിച്ച് പാചകത്തിനാവശ്യമായ നിരക്കു വർധന നടപ്പിലാക്കുന്നില്ല.

ഡിവിഷൻ കുറയുന്നതുകൊണ്ട് അധികപ്പറ്റായി തീർന്ന അധ്യാപകരെ സംരക്ഷിക്കാനെന്ന പേരിൽ കൊട്ടിഘോഷിച്ച് യുഡിഎഫ് സർക്കാർ നടപ്പാക്കിയ പദ്ധതി വാസ്തവത്തിൽ അധ്യാപകരെ വഞ്ചിച്ചിരിക്കുകയാണ്. അവരെ സംരക്ഷിക്കുന്നതിന് സ്വീകരിക്കേണ്ട ന്യായമായ വ്യവസ്ഥകൾ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാരുടെ താൽപര്യാർത്ഥം നടപ്പാക്കാതിരിക്കുകയാണ്.

വിദ്യാഭ്യാസ കച്ചവടക്കാർക്ക് കൊയ്ത്തുകാലമാണ്. മൂവായിരത്തോളം സിബിഎസ്ഇ, ഐസിഎസ്ഇ അൺ-എയ്ഡഡ് സ്ഥാപനങ്ങളാണ് കഴിഞ്ഞ നാലു വർഷത്തിനകം ആരംഭിച്ചത്. പൊതു വിദ്യാഭ്യാസ സ്ഥാപനത്തെ ദുർബലപ്പെടുത്തി കച്ചവട സ്ഥാപനങ്ങൾ ആരംഭിക്കുന്ന നയമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്.

സ്വകാര്യ സർവകലാശാലകൾ രൂപീകരിക്കാനാണ് സർക്കാരിന്റെ നീക്കം, സ്വകാര്യ സർവകലാശാലക്ക് പ്രവർത്തനത്തിന് വേണ്ട തുക വിദ്യാർത്ഥികളിൽ നിന്ന് തന്നെ ഈടാക്കേണ്ടി വരും. ഫലത്തിൽ പാവപ്പെട്ടവർക്ക് പ്രവേശനമില്ലാത്ത അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്. സ്വയംഭരണ കോളേജുകളുടെ നില ഇതുതന്നെയാണ്.

## ക്ഷേമപെൻഷൻ പ്രശ്നം

ക്ഷേമപെൻഷനുകൾ അട്ടിമറിച്ചിരിക്കുകയാണ്. 7 മാസത്തെ കുടിശികയാണ് നിലവിലുള്ളത്. 11 മാസത്തെ കുടിശിക ഉള്ള ജില്ലകളും 4 മാസത്തെ കുടിശിക ഉള്ള ജില്ലകളും ഉണ്ട്. ക്ഷേമനിധി ഇനത്തിൽ ലഭിക്കേണ്ട 226 കോടി രൂപയുടെ ആനുകൂല്യങ്ങൾ കർഷക തൊഴിലാളികൾക്ക് സർക്കാർ ഫണ്ട് അനുവദിക്കാത്തതിനാൽ ലഭി

ച്ചില്ല. കർഷക തൊഴിലാളി പെൻഷൻ ഇനത്തിൽ വിരമിക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള 2,16,942 അപേക്ഷ കെട്ടിക്കിടപ്പുണ്ട്. ഇവർക്കുള്ള കുടിശിക 206 കോടിരൂപയാണ്. ഗുരുതരമായ. സ്ഥിതിയാണ് ഈ രംഗത്ത് പൊതുവിലുള്ളത്.

ക്ഷേമപെൻഷൻ വിതരണം ചെയ്യാൻ ഡയറക്ട് ബെനിഫിഷറി ട്രാൻസ്ഫർ (ഡിബിടി) സംവിധാനം അവലംബിക്കുന്ന നയമാണ് സർക്കാരിന്റേത്. ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വേണം. പെൻഷൻ ധനസഹായം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കണം. ഗുണഭോക്താക്കൾ ബാങ്കിൽ പോയി വാങ്ങണം. പെൻഷൻ വാങ്ങുന്നവരിൽ ഏറെ പേരും വീടുവിട്ടിറങ്ങാൻ കഴിയാത്ത സ്ഥിതിയിലാണ്. പെൻഷൻ ഈ സ്ഥിതിയിൽ അവർക്ക് വാങ്ങാനാവില്ല. മണിയോർഡറാണെങ്കിൽ വീട്ടിൽ കിട്ടുമായിരുന്നു. ബാങ്ക് അക്കൗണ്ട് എടുക്കാനാണെങ്കിൽ നിരവധി കടമ്പകളുണ്ട്.

## ദുർബല ജനവിഭാഗങ്ങളുടെ സംരക്ഷണം

ഉമ്മൻചാണ്ടി സർക്കാർ പട്ടികജാതി വിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കിയില്ലെന്നു മാത്രമല്ല ഒരു ഡസനോളം കേന്ദ്ര പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ പിടിപ്പികേടുകൊണ്ട് അവതാളത്തിലാവുകയും ചെയ്തു. ഇതുമൂലം 2012 –2013 ൽ 34.61 ലക്ഷം രൂപയും 2013–14 ൽ 113.97 ലക്ഷം രൂപയുമാണ് പാഴായി പോയത്. പട്ടികജാതി വിഭാഗ വികസനത്തിനായി ചെലവഴിക്കേണ്ടുന്ന 250 കോടി രൂപയാണ് പാലക്കാട് മെഡിക്കൽ കോളേജ് തുടങ്ങാനെന്ന പേരിൽ വകമാറ്റി ചെലവഴിച്ചത്. ഇതിനു പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ മേഖലയിലെ അടിസ്ഥാന വികസനത്തിന് ചെലവഴിക്കേണ്ടുന്ന തുകയും വകമാറ്റി ചെലവഴിക്കുക വഴി പ്രസ്തുത മേഖലയിലെ പശ്ചാത്തലവികസനം താറുമാറാകുകയും അഴിമതിക്ക് കളമൊരുക്കുകയും ചെയ്തു. കേന്ദ്ര വിഹിതം വേണ്ടവിധം വിനിയോഗിക്കാതിരുന്നത് സംബന്ധിച്ച് അന്വേഷണം നടത്താൻ ദേശീയ പട്ടികജാതി വകുപ്പിനു തന്നെ ഉത്തരവിറക്കേണ്ടി വന്നത് സർക്കാരിന്റെ ഇത്തരം പിടിപ്പുകേടുകൊണ്ടാണ്.

മറ്റു പിന്നോക്ക വിഭാഗങ്ങളുടെ വികസനത്തിനായി 10 പദ്ധതികൾക്കുള്ള വാർഷിക വിഹിതം 2013–14 ൽ 83.52 കോടി രൂപ അനുവദിച്ചതിൽനിന്നും ചെലവഴിച്ചത് 63.19 കോടിയാണ്. 2014–15 ൽ ലഭിച്ച 137.22 കോടി രൂപയിൽ 34.65 കോടി രൂപ മാത്രമാണ് ചെലവഴിക്കാനായത് എന്ന് എക്കണോമിക് റിവ്യു കണക്ക് തന്നെ വ്യക്തമാക്കുന്നു.

## ആദിവാസി മേഖലയും പ്രതിസന്ധിയിൽ

ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നില്ല. അതിനാൽ തന്നെ ഭൂമിക്കു വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ തുടരുകയാണ്. സൗജന്യ വൈദ്യുതി നിഷേധിച്ച് വൈദ്യുതി ചാർജ് കുടിശികയുടെ പേരിൽ ജപ്തി നടപടികളിലേക്ക് പോലും ഒരു ഘട്ടത്തിൽ നീങ്ങിയത് യുഡിഎഫ് സർക്കാരിന്റെ ഹൃദയശൂന്യമായ സമീപനം വ്യക്തമാക്കുന്നു.

യുഡിഎഫ് സർക്കാരിന്റെ ക്രൂരമായ അവഗണനയുടെ ഫലമാണ് അട്ടപ്പാടിയിലെ കൂട്ട ശിശുമരണം. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തന്നെ യുഡിഎഫ് അട്ടിമറിച്ചു. പട്ടികവർഗ വിഭാഗങ്ങൾക്കും ബിപിഎൽ വിഭാഗത്തിനും വികലാംഗർക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും ഉണ്ടായിരുന്ന സൗജന്യങ്ങളും മുൻഗണനകളും യുഡിഎഫ് ഇല്ലാതാക്കിയിരിക്കുകയാണ്.

## കടലോരമേഖലയിലെ പ്രശ്നങ്ങൾ

കടലോരമേഖലയിൽ വലിയ ദുരന്തം വിതയ്ക്കുന്ന ശുപാർശകളാണ് 2013 ആഗസ്റ്റിൽ നിയമിക്കപ്പെട്ട മീനാകുമാരിയുടെ അധ്യക്ഷതയിലുള്ള കമ്മിറ്റി സമർപ്പിച്ചിട്ടുള്ളത്. ആഴക്കടൽ മത്സ്യബന്ധന നയം രൂപകൽപ്പന ചെയ്യാൻ നിയോഗിക്കപ്പെട്ട വിദഗ്ദ്ധ സമിതിയിൽ മത്സ്യത്തൊഴിലാളികളെയോ അവരുടെ പ്രതിനിധികളെയോ ഉൾപ്പെടുത്തിയിട്ടില്ല. തെളിവെടുപ്പ് പോലും ഇത്തരം മേഖലയിൽനിന്ന് ഉണ്ടായില്ല.

200– 500 മീറ്റർ ആഴമുള്ള കടൽ പ്രദേശം കരുതൽ മേഖല ആയി മത്സ്യബന്ധനം ഒഴിവാക്കി സൂക്ഷിക്കണമെന്ന ശുപാർശ ചെറിയ ബോട്ടുകളിൽ അവിടെ പോയി മീൻ പിടിക്കുന്ന തദ്ദേശീയ തൊഴിലാളികളുടെ ഉപജീവനത്തിന് ഭീഷണിയാണ്. ആഴക്കടലിൽ നിന്നും മീൻ പിടിക്കുന്നതിനുവേണ്ടി നിലവിലുള്ളവയെ കൂടാതെ 270 വിദേശ കപ്പലുകൾ കൂടി ലെറ്റർ ഓഫ് പെർമിഷൻ വ്യവസ്ഥയിൽ സംയുക്ത സംരംഭത്തിൽ/കരാർ അടിസ്ഥാനത്തിൽ അനുവദിക്കണമെന്ന ശുപാർശ ഇന്ത്യൻ സമുദ്രപരിധിയിൽ നിന്നും വിദേശ കപ്പലുകളെ ഘട്ടം ഘട്ടമായി ഒഴിവാക്കുമെന്ന് കേന്ദ്ര സർക്കാർ 1997–ൽ അംഗീകരിച്ച മുരാരി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾക്കു വിരുദ്ധമാണ്.

വൈദഗ്ദ്ധ്യമില്ലാത്ത തദ്ദേശീയ തൊഴിലാളികൾ പണിയെടുക്കുന്ന ഇന്ത്യൻ കപ്പലുകളിൽ അനുഭവസമ്പത്തും പ്രാഗത്ഭ്യവുമുള്ള വിദേശീയരായ വിദഗ്ദ്ധ മത്സ്യത്തൊഴിലാളികളെ പ്രതിവർഷം 25,000 ഡോളർ ശമ്പളത്തിൽ നിയമിക്കണമെന്ന ശുപാർശയും മുന്നോട്ട്

വെച്ചിട്ടുണ്ട്. നമ്മുടെ ആഴക്കടലിലെ മത്സ്യസമ്പത്ത് കുത്തകകൾക്ക് കൈമാറ്റം ചെയ്യുന്ന സ്ഥിതിയാണ് ഇത് ഉണ്ടാക്കുക. ഈ കമ്മീഷൻ റിപ്പോർട്ട് അടിച്ചേല്പിക്കുന്നതിനുള്ള ശ്രമങ്ങളാണ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നത്.

തീരദേശ സംരക്ഷണ നിയമത്തിന്റെ പേരിൽ മത്സ്യതൊഴിലാളികളെ അവരുടെ ആവാസ വ്യവസ്ഥകളിൽ നിന്ന് മാറ്റി റിസോർട്ട് ഉടമകൾക്ക് കടന്നുവരുന്നതിനുള്ള നിലപാടാണ് ഇത് മുന്നോട്ട് വെക്കുന്നത്. ഇതിനെതിരെ വിവിധ സംസ്ഥാനങ്ങളിലെ മത്സ്യതൊഴിലാളി സംഘടനകളിൽ നിന്ന് പ്രതിഷേധവും പ്രക്ഷോഭവും ഉയർന്നിട്ടും സർക്കാർ മുന്നോട്ട് പോവുക തന്നെയാണ്.

കേന്ദ്രസർക്കാർ, സംസ്ഥാനത്തിന് നൽകുന്ന സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണ വെട്ടിക്കുറച്ചതിനാൽ, മത്സ്യതൊഴിലാളികൾ തീരാദുരിതത്തിലാണ്. കരിഞ്ചന്തയിൽ മണ്ണെണ്ണ വാങ്ങേണ്ടി വരുന്നതിനാൽ, പരമ്പരാഗത തൊഴിലാളികളും, ബോട്ടുടമകളും വലിയ പ്രതിസന്ധിയിലാണ്.എൽഡിഎഫ് സർക്കാർ മത്സ്യമേഖലയിൽ നടപ്പാക്കിയ കടാശ്വാസപദ്ധതിയും യുഡിഎഫ് സർക്കാർ അട്ടിമറിച്ചു. ചുരുക്കത്തിൽ സംസ്ഥാനത്തിന്റെ കടലോരം തീരാ ദുരിതത്തിലായി.

## സാമ്പത്തികരംഗം തകരുന്നു

വലിയ കടക്കെണിയിലാണ് സംസ്ഥാന സർക്കാർ എത്തിയിരിക്കുന്നത്. 1,58,000 കോടി രൂപയാണ് കേരളത്തിന്റെ ഇപ്പോഴത്തെ കടം. ഈ സർക്കാർ അധികാരത്തിലേറുമ്പോൾ സംസ്ഥാനത്തിന്റെ കടം 78673 കോടി രൂപയായിരുന്നു. ഇതോടെ സംസ്ഥാനത്ത് ഒരാളുടെ ശരാശരി കടം 46,700 രൂപയായി മാറുന്നു. ജനങ്ങൾക്ക് മേൽ നാലു വർഷം കൊണ്ട് 8412.48 കോടി രൂപയുടെ പുതിയ നികുതികളും വൈദ്യുതി ചാർജിനത്തിൽ 3500 കോടി രൂപയുടെ അധിക ഭാരവും ഈ സർക്കാർ അച്ചേല്പിച്ചു. എന്നിട്ടും ദുർഭരണം കൊണ്ടും ദുർവിനിയോഗം കൊണ്ടും ഈ സ്ഥിതിവിശേഷം സർക്കാർ സൃഷ്ടിച്ചു.

പുതിയ നിയമനങ്ങൾ നടത്തുന്ന കാര്യത്തിലും സർക്കാർ പിന്നോട്ട് പോവുകയാണ്. നിയമനനിരോധനം തന്നെയാണ് ഫലത്തിൽ നിലനിൽക്കുന്നത്. അഡ്വൈസ് മെമ്മോ ലഭിച്ചിട്ടും നിയമനം ലഭിക്കാതെ നിരവധിപേർ കാത്തു കിടക്കുകയാണ്. റാങ്ക് ലിസ്റ്റുകളുടെ കാലാവധി തുടർച്ചയായി നീട്ടുക എന്നല്ലാതെ തൊഴിൽ ലഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല.

## ബജറ്റ് പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നില്ല

2013-14 വരെയുള്ള സംസ്ഥാന സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് സി&

എജി റിപ്പോർട്ട് പുറത്ത് വന്നിട്ടുണ്ട്. 2012-13 ൽ പ്രഖ്യാപിച്ച 30 പദ്ധതികൾ നടപ്പിലായിട്ടില്ലെന്ന് സി & എജി കണ്ടെത്തി. 2013-14 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 40 പുതിയ പദ്ധതികളിൽ (5 കോടിയിൽ കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നവ) 13 എണ്ണം മാത്രം നടപ്പിലാക്കുവാനും ബജറ്റിൽ വകയിരുത്തിയതിന്റെ 10.8% മാത്രമേ പദ്ധതികൾക്കായി ചെലവു ചെയ്യാനും സാധിച്ചുള്ളൂ എന്നാണ്.

2014-15 ബജറ്റിൽ 217 പുതിയ പദ്ധതികൾ പ്രഖ്യാപിച്ചു. 94 പദ്ധതികൾക്ക് മാത്രം ഭരണാനുമതി നൽകി. ഇതിൽ നടപ്പിലാക്കിയവ 20 മാത്രം. നിയമസഭയിൽ തന്നെ ഇക്കാര്യം വ്യക്തമാക്കുകയുണ്ടായി. ഇത്തരത്തിൽ ബജറ്റിൽ വികസന പദ്ധതികൾ പ്രഖ്യാപിക്കുകയും ജനങ്ങളെ കബളിപ്പിക്കുകയും ചെയ്യുക എന്ന ജനശത്രുതാപരമായ നയം സർക്കാർ തുടരുകയാണ്.

## ക്രമസമാധാനം

സംസ്ഥാനത്ത് ക്രമസമാധാന നിലതകർന്നു. കോൺഗ്രസിലെ ഗ്രൂപ്പ് വഴക്കിന്റെ ഫലമായി മൂന്ന് കോൺഗ്രസുകാരാണ് തൃശൂർ ജില്ലയിൽ അറുകൊല ചെയ്യപ്പെട്ടത്. മൂന്നിലും യഥാർഥ പ്രതികളെ കണ്ടെത്തിയില്ലെന്ന് കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾ ആക്ഷേപിക്കുന്നു. 27 സിപിഐ(എം) പ്രവർത്തകരും, ഒരു ജനതാദൾ 'യു' പ്രവർത്തകനും ഈ ഭരണകാലത്ത് കൊലചെയ്യപ്പെട്ടു. ആർഎസ്എസ് ഗുണ്ടകളും, കോൺഗ്രസുകാരും, ലീഗുകാരും അടങ്ങുന്നതാണ് കൊലയാളികൾ, കാസർഗോഡ് ജില്ലയിൽ ഒരു കൊച്ചുകുട്ടിയെയാണ് ആർഎസ്എസുകാരൻ കൊലപ്പെടുത്തിയത്. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളും സ്ത്രീ പീഡനങ്ങളും വലിയ തോതിൽ വർധിച്ചു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസിനെ, രാഷ്ട്രീയ പ്രതിയോഗികളെ അടിച്ചമർത്താനും കള്ളക്കേസിൽ കുടുക്കാനുമാണ് ഉപയോഗിക്കുന്നത്. വിദ്യാർത്ഥി- യുവജന പ്രക്ഷോഭങ്ങൾക്ക് നേരെ ഭീകരമായ അതിക്രമമാണ് പോലീസ് നടത്തിയത് 'കാപ്പ' നിയമം ഉപയോഗിച്ച്, ഇടതുപക്ഷ പ്രവർത്തകരെ കള്ളക്കേസിൽ കുടുക്കി നാടുകടത്തുകയാണ് പോലീസ്, സിപിഐ (എം) നേതാക്കളെ കള്ളക്കേസിൽ കുടുക്കാനും, ജയിലിലിടക്കാനും സർക്കാർ പോലീസിനെ ദുരുപയോഗം ചെയ്തു. അതേസമയം ആർഎസ്എസ് അക്രമികളോട് എല്ലായിടത്തും മൃദുസമീപനമാണ് കൈക്കൊള്ളുന്നത്. യുഡിഎഫ് ഭരണത്തിൽ നിയമവാഴ്ച തകർന്നു.

## ഭരണരംഗം കുത്തഴിഞ്ഞു

യുഡിഎഫിലെ അനൈക്യവും, കോൺഗ്രസിലെ ഗ്രൂപ്പ് പോരും

കാരണം, ഭരണരംഗം കുത്തഴിഞ്ഞു. മന്ത്രിമാരുടെ അഴിമതികണ്ട് മടുത്ത ഐഎഎസ് ഉദ്യോഗസ്ഥന്മാർ, ഫയലിൽ തങ്ങളുടെ സ്വതന്ത്രമായ അഭിപ്രായം എഴുതുമെന്ന് പരസ്യ പ്രസ്താവന നടത്തി. മന്ത്രിമാരുടെ അഴിമതിക്ക് നേരെ കണ്ണടച്ചാൽ, നാളെ കേസിൽ പ്രതികളാകേണ്ടിവരുമെന്ന് അവർ ഭയപ്പെടുന്നു. നേരും നെറിയുമുള്ള ഉദ്യോഗസ്ഥന്മാരെ സ്ഥലംമാറ്റിയും, തരം താഴ്ത്തിയും സർക്കാർ പക തീർക്കുന്നു. ഇഷ്ടക്കാർക്ക് പദവികൾ നൽകുന്നതിൽ, പോലീസ് തലപ്പത്തുള്ളവർ പരസ്യമായി പ്രതിഷേധിച്ചു. മുഖ്യമന്ത്രിക്കെതിരെ നിയമനടപടി സ്വീകരിക്കാൻ, ഒരു എഡിജിപി അനുമതി ചോദിച്ച വിചിത്രമായ അനുഭവവും നമുക്കുണ്ടായി. ഇതൊന്നും മുമ്പ് കേട്ട് കേൾവി ഇല്ലാത്തതാണ്.

## ജനസമ്പർക്കം വമ്പൻ തട്ടിപ്പ്

വില്ലേജ് തലം മുതൽ സെക്രട്ടറിയേറ്റ് വരെയുള്ള ഓഫീസ് സംവിധാനങ്ങളെ കാലോചിതമായി പരിഷ്കരിച്ചും ചട്ടങ്ങൾ ലഘൂകരിച്ചും അധികാര വികേന്ദ്രീകരണം നടത്തിയും അതിലെ ഉദ്യോഗസ്ഥരെ ശരിയായി പ്രവർത്തിപ്പിച്ചുകൊണ്ടും ജനോപകാരപ്രദമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുകയാണ് ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന ഒരു ജനകീയ സർക്കാരിന്റെ പ്രധാന ചുമതല. അതുവഴി ജനങ്ങളുടെ പരാതികളും ആവശ്യങ്ങളും വളരെവേഗം പരിഹരിക്കപ്പെടുകയാണ്. ആ ദിശയിൽ ഉദ്യോഗസ്ഥ സംവിധാനത്തെ ചലിപ്പിക്കുകയാണ് മന്ത്രിമാർ ചെയ്യേണ്ടത്. അതൊന്നും ചെയ്യാതെ അഴിമതിക്കും കെടുകാര്യസ്ഥതക്കും വിട്ടുകൊടുത്തുകൊണ്ട്, അധികാരം തന്നിലേക്ക് തിരിച്ചുപിടിക്കുകയായിരുന്നു ജനസമ്പർക്കം എന്ന തട്ടിപ്പ് പരിപാടിയിലൂടെ മുഖ്യമന്ത്രി ചെയ്തത്.

രാജഭരണകാലത്ത് എന്ന പോലെ തന്നെ വന്നു കാണുന്നവർക്ക് മാത്രം ആനുകൂല്യങ്ങൾ നൽകുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്.

താഴെ തട്ടുമുതലുള്ള ജീവനക്കാരെ സജീവമാക്കിയും വകുപ്പ് തല പ്രവർത്തനങ്ങൾ കാര്യക്ഷമവുമാക്കി ജനങ്ങൾക്ക് സഹായം നൽകേണ്ട മുഖ്യമന്ത്രി രണ്ടുമൂന്നു മാസക്കാലം മേൽപ്പറഞ്ഞ ആഫീസ് സംവിധാനങ്ങളിൽ നിന്നു സേവനങ്ങൾ മരവിപ്പിച്ചുനിർത്തുകയും, അവയെല്ലാം ജനസമ്പർക്ക പരിപാടിയിലേക്ക് ആനയിക്കുകയുമായിരുന്നു.

ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടിയുടെ സംഘാടന ചെലവുമാത്രം കോടിക്കണക്കിന് രൂപ വരുമെന്നാണ് സർക്കാർ തന്നെ വെളിപ്പിടുത്തിയത്. വസ്തുത ഇതിലുമേറെയാണ്. (മുഖ്യമന്ത്രിയുടെ

സുരക്ഷക്കായി പോലീസുകാരെ അണിനിരത്തിയതിനു ചെലവായ തുക ഇതിലുൾപ്പെടുന്നില്ല) അതുവഴി, കിടപ്പിലായ രോഗികളെ ഉൾപ്പെടെ സ്ട്രക്ച്ചറിൽ കിടത്തി പൊരിവെയിലത്ത് മുഖ്യമന്ത്രിയെ മുഖം കാണിച്ചപ്പോൾ വിതരണം ചെയ്തതാകട്ടെ 31 കോടി രൂപ മാത്രം.

എപിഎൽ കാർഡുകൾ ബിപിഎൽ ആക്കി മാറ്റിക്കൊടുക്കൽ മറ്റൊരു തട്ടിപ്പ്. സംസ്ഥാനത്തെ ജനങ്ങളെ മാനദണ്ഡങ്ങളൊന്നും പാലിക്കാതെ, എപിഎല്ലെന്നും ബിപിഎല്ലെന്നും തരംതിരിച്ചത് ഉമ്മൻ ചാണ്ടി സർക്കാർ തന്നെയാണ്. റേഷൻ കാർഡുകൾ എപിഎൽ ആയും ബിപിഎൽ ആയും തരംതിരിക്കുന്നതിൽ അപാകതയുണ്ടെങ്കിൽ അത് പരിഹരിച്ച് ഉത്തരവിറക്കി പ്രശ്നം കൈകാര്യം ചെയ്യുന്നതിനു പകരം ജനങ്ങളെ വെയിലത്തും മഴയത്തും നിർത്തി ബുദ്ധിമുട്ടിച്ചേ അടങ്ങൂ എന്ന നിലപാടാണ് മുഖ്യമന്ത്രിയുടേത്., രാജാക്കന്മാർ പോലും സ്വീകരിക്കാത്ത നിലപാടാണ് ഇത്. സ്വന്തം അനുയായികൾ കൂട്ടിക്കൊണ്ടുവരുന്നവർ മുന്നിൽ എത്തുമ്പോൾ, നിയമവ്യവസ്ഥകളും മാനദണ്ഡങ്ങളും മറക്കുന്നതാണ് മുഖ്യമന്ത്രിയുടെ സ്വജനപക്ഷപാതം

സാമ്പത്തികമായും ധാർമികമായും ജനങ്ങൾക്കുമേൽ വമ്പിച്ച ബാധ്യതകൾ അടിച്ചേല്പിച്ചുകൊണ്ടാണ് ഉമ്മൻചാണ്ടി നയിക്കുന്ന യുഡിഎഫ് സർക്കാർ അതിന്റെ കാലാവധി പൂർത്തിയാക്കാൻ പോകുന്നത്. ജനങ്ങളിൽ ഒരു വിഭാഗത്തിനുപോലും കാര്യമായ ആശ്വാസം പകരാൻ അതിന് കഴിഞ്ഞിട്ടില്ല. ഏറെ കൊട്ടിഘോഷിക്കപ്പെട്ട വമ്പൻ പശ്ചാത്തലവികസന പദ്ധതികൾ പലതും ഇപ്പോഴും വാഗ്ദാനങ്ങളായി അവശേഷിക്കുകയാണ്. ഇത്തരം പദ്ധതികൾക്കായി ജനങ്ങളുടേയും സർക്കാരിന്റെയും ഭൂമി കുറഞ്ഞ വിലയ്ക്ക് കോർപറേറ്റുകൾക്ക് കൈമാറാനാണ് യുഡിഎഫ് സർക്കാർ തുനിഞ്ഞത്. നാമമാത്രമായ മൂലധന നിക്ഷേപം മാത്രമെ കഴിഞ്ഞ നാലര വർഷങ്ങൾക്കുള്ളിൽ കേരളത്തിൽ ഉണ്ടായിട്ടുള്ളൂ. ഉള്ള പല വ്യവസായങ്ങളും പൂട്ടാൻ ഇടയാക്കുകയാണ് അത് കൂടുതലായി ചെയ്തിട്ടുള്ളത്. അതിനാൽ ജനങ്ങളുടെ പ്രതീക്ഷയാകെ തകർത്ത സർക്കാരാണ് അത്.

കേരളത്തിന്റെ സമസ്തമേഖലകളെയും തകർത്ത, അഴിമതിയുടെ പര്യായമായി മാറിയ യുഡിഎഫിനെ തൂത്തെറിയാനും, മതനിരപേക്ഷ-അഴിമതി മുക്ത-വികസിത കേരളത്തിനായി ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ശക്തിപ്പെടുത്താനും കേരള ജനത ഒറ്റക്കെട്ടായി മുന്നോട്ട് വരണം.

* * *

Printed and Published by Kodiyeri Balakrishnan,
Secretary, CPI (M) Kerala State Committee,
Printed at Chintha Printing & Publishing Co. Pvt. Ltd, Kochi - 17.

# കേരളത്തെ തകർത്ത യു.ഡി.എഫ് ഭരണം

കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
കേരള സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്

തിരുവനന്തപുരം
12.01.2016

വില: 2.50

Indic Digital Archive Foundation
gpura.org